"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി വിജയലക്ഷ്മി. കെ. യു ന്റെ ഭർത്താവിന്റെ കാൻസർ ചികിൽസയ്ക്ക് തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 5,00,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.726/2024/LSGD തീയതി,തിരുവനന്തപുരം, 04-04-2024

---

പരാമർശം:-

1. സർക്കുലർ നം. 40658/G2/85/H&FWD തീയതി 18/10/1985.
2. 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.
3. 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.
4. 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.
5. 29.11.2023-ലെ ശ്രീമതി വിജയലക്ഷ്മി കെ യുടെ അപേക്ഷ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.01.2024-ലെ LSGD/PD/69178/ 2023-DEG2- നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി വിജയലക്ഷ്മി കെ യു ന്റെ ഭർത്താവിന്റെ കാൻസർ ചികിൽസയ്ക്ക് തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 5,00,000/- രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിനുള്ള പരാമർശം (5) പ്രകാരമുള്ള ടിയാളുടെ അപേക്ഷ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി വിജയലക്ഷ്മി.കെ.യു-ന്റെ ഭർത്താവിന്റെ കാൻസർ ചികിൽസയ്ക്ക് തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പരാമർശം ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി അവണൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **പലിശരഹിത** ചികിത്സാ വായ്പയായി അനുവദിക്കുന്ന 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ശ്രീമതി വിജയലക്ഷ്മി. കെ. യു. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.
2. തിരുവനന്തപുരം ആർ.സി.സി ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

3. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .
4. ശ്രീമതി വിജയലക്ഷ്മി.കെ.യു-ന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
5. പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.
6. പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.
7. അനുവദിക്കുന്ന 5,00,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.
8. പ്രസ്തുത തുക അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി വിജയലക്ഷ്മി കെ യു, ക്ലാർക്ക്, അവണ്ണൂർ ഗ്രാമപഞ്ചായത്, തൃശ്ശൂർ. ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (G2/40/2024/Health dated 13.03.2024).
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ.
സെക്രട്ടറി,അവണ്ണൂർ ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ3/7/2024/തസ്വഭവ).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 04-04-2024 15:09:26